പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 944 — 08.01.2014 ൽ മറുപടിക്ക്

കൊയിലാണ്ടി മണ്ഡലത്തിലെ കടലാക്രമണ പ്രതിരോധ പദ്ധതി

| | ചോദ്യം<br>ശ്രീ. കെ. ദാസൻ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊയിലാണ്ടി മണ്ഡലത്തിൽ കടലാക്രമണ പ്രതിരോധ പദ്ധതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാം; അവ ഏതെല്ലാം പഞ്ചായത്തിൽ എന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊയിലാണ്ടി മണ്ഡലത്തിൽ കടലാക്രമണ പ്രതിരോധ പദ്ധതിയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>കൊയിലാണ്ടി മുൻസിപ്പാലിറ്റി<br>1. അരയൻ കടപ്പുറത്ത് സി.പി. 1946 ന്35 മീറ്റർ വടക്ക് നിന്ന് തുടങ്ങി തെക്കോട്ട് 80 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം - 30.50 ലക്ഷം രൂപ (പ്രവൃത്തി പൂർത്തീകരിച്ചു.<br>2. ചെറിയ മങ്ങാട് 250 മീറ്റർ കടൽഭിത്തി നിർമ്മാണം - റീച്ച് 1- സി. പി. 1931 ന് 55 മീറ്റർ തെക്ക് നിന്ന് തുടങ്ങി തെക്കോട്ട് 140 മീറ്റർ നീളം, റീച്ച് 2- സി. പി. 1931 ന് 70 മീറ്റർ വടക്ക് നിന്ന് തുടങ്ങി വടക്കോട്ട് 110 മീറ്റർ നീളം - 85 ലക്ഷം രൂപ (പ്രവൃത്തി പൂർത്തീകരിച്ചു).<br>3. സി. പി. 1945 ന് 46 മീറ്റർ വടക്ക് നിന്ന് തുടങ്ങി വടക്കോട്ട് 43 മീറ്റർ നീളത്തിൽ കൊല്ലം കടൽഭിത്തിയുടെ പുനരുദ്ധാരണം - 13.10 ലക്ഷം രൂപ (പ്രവൃത്തി പൂർത്തീകരിച്ചു).<br>4. സി. പി. 1946 ന് 45 മീറ്റർ തെക്ക് നിന്ന് തുടങ്ങി തെക്കോട്ട് 50 മീറ്റർ നീളത്തിൽ കൊല്ലം കടൽ ഭിത്തിയുടെ പുനരുദ്ധാരണം - 15 ലക്ഷം രൂപ (പ്രവൃത്തി പൂർത്തീകരിച്ചു).<br>പയ്യോളി പഞ്ചായത്ത്<br>1. സി.ഇ.എസ്. 2032 ന് 13 മീറ്റർ വടക്ക് നിന്ന് തുടങ്ങി വടക്കോട്ട് 45 മീറ്റർ നീളത്തിൽ ഇരിങ്ങൽ കടൽഭിത്തിയുടെ പുനരുദ്ധാരണം - 13.10 ലക്ഷം രൂപ (പ്രവൃത്തി പൂർത്തീകരിച്ചു)<br>2. സി. ഇ. എസ്. 2032 ന് 13 മീറ്റർ വടക്ക് നിന്ന് തുടങ്ങി തെക്കോട്ട് 34 മീറ്റർ നീളത്തിൽ ഇരിങ്ങൽ കടൽ ഭിത്തിയുടെ പുനരുദ്ധാരണം - 8.00 ലക്ഷം രൂപ (പ്രവൃത്തി പൂർത്തീകരിച്ചു). |

| | | | |
|---|---|---|---|
| | | | 3. സി. പി. 2033 ന് 22 മീറ്റർ തെക്ക് നിന്ന് തുടങ്ങി തെക്കോട്ട് 53 മീറ്റർ നീളത്തിൽ ഇരിങ്ങൽ കടൽ ഭിത്തിയുടെ പുനരുദ്ധാരണം - 15.00 ലക്ഷം രൂപ (ടെണ്ടർ ക്ഷണിച്ചു).<br>4. സി. പി. 2032 ന് 58 മീറ്റർ വടക്ക് നിന്ന് തുടങ്ങി വടക്കോട്ട് 67 മീറ്റർ നീളത്തിൽ ഇരിങ്ങൽ കടൽ ഭിത്തിയുടെ പുനരുദ്ധാരണം - 20.00 ലക്ഷം രൂപ (ടെണ്ടർ നടപടി ആകുന്നു).<br>**ചേമഞ്ചേരി പഞ്ചായത്ത്**<br>1. സി.പി. 1897 മുതൽ വടക്കോട്ട് 400 മീറ്റർ നീളത്തിൽ കാപ്പാട് കടൽ ഭിത്തിയുടെ പുനരുദ്ധാരണം - 74.00 ലക്ഷം രൂപ (പ്രവൃത്തി പൂർത്തീകരിച്ചു)<br>2. സി.പി. 1902 ന് 40 മീറ്റർ തെക്ക് നിന്ന് തുടങ്ങി തെക്കോട്ട് 42 മീറ്റർ നീളത്തിൽ കാപ്പാട് കടൽ ഭിത്തിയുടെ പുനരുദ്ധാരണം. 15.00 ലക്ഷം രൂപ (ടെണ്ടർ ക്ഷണിച്ചു) |
| (ബി) | കഴിഞ്ഞ കാലവർഷത്തിൽ കൊയിലാണ്ടിയിലെ കൊളാവി കോട്ട കടപ്പുറം ഭാഗങ്ങളിലുണ്ടായ കടൽക്ഷോഭത്തിൽ തീരപ്രദേശത്ത് നാശനഷ്ടമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ജനങ്ങളുടെ ജീവിത സുരക്ഷ മുൻനിർത്തി ഈ പ്രദേശത്ത് കടൽഭിത്തി നിർമ്മിക്കാനാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്നും കൊയിലാണ്ടിയിലെ കൊളാവി ഉൾപ്പെടെ കടൽഭിത്തിയില്ലാത്ത ഭാഗങ്ങളിൽ കടൽഭിത്തി നിർമ്മിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ? | (സി) | 2014-15 വർഷത്തേക്കുള്ള വർക്ക് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br>1. നമ്പർ 6 പയ്യോളി പഞ്ചായത്തിൽ സി.പി. 2037 ന് വടക്ക് ഭാഗത്ത് 750 മീറ്റർ നീളത്തിൽ കോട്ടക്കൽ കടൽ ഭിത്തിയുടെ പുനരുദ്ധാരണം - 295 ലക്ഷം.<br>2. നമ്പർ 8 പയ്യോളി പഞ്ചായത്തിലെ കൊളാവി പാലം കോട്ട കടപ്പുറത്ത് സി.പി. 2036 ന് തെക്ക് ഭാഗത്ത് 450 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മാണം - 211.00 ലക്ഷം<br>3. നമ്പർ 25. പയ്യോളി പഞ്ചായത്തിൽ മൂരാട് അഴിമുഖത്തിന് തെക്ക് ഭാഗത്ത് (കുറ്റ്യാടി പുഴ) 175 മീറ്റർ നീളത്തിൽ പുലിമുട്ട് നിർമ്മാണം - 460.00 ലക്ഷം. |

സെക്ഷൻ ഓഫീസർ